**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. T*681.** **03.11.2016 ന് മറുപടിയ്ക്ക്**

**ജീവൻ രക്ഷാ മരുന്നുകളും വേദന സംഹാരികളും ലഹരിക്കായി ഉപയോഗിക്കുന്ന സാഹചര്യം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.പി.കെ.അബ്ദു റബ്ബ്<br>,, പി.ഉബൈദുള്ള<br>,, കെ.എം.ഷാജി<br>,, പി.ബി. അബ്ദുൽ റസ്സാക്ക് : | | ശ്രീ. ടി.പി. രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | ജീവൻ രക്ഷാ മരുന്നുകളും, വേദന സംഹാരികളും ലഹരിക്കായി ഉപയോഗപ്പെടുത്തുന്ന പ്രവണത വർദ്ധിച്ചുവരുന്ന കാര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ഇതു തടയുന്ന കാര്യത്തിൽ സ്വീകരിച്ച മുൻകരുതൽ നടപടികൾ വിശദമാക്കുമോ; | (ബി) | ഡ്രഗ്സ് കൺട്രോൾ വകുപ്പുമായി ചേർന്ന് ഇത്തരം മരുന്നുകൾ വില്പന നടത്തുന്ന മെഡിക്കൽ സ്റ്റോറുകളിൽ പരിശോധനകൾ നടത്തിവരുന്നുണ്ട്. കൂടാതെ ഡോക്ടറുടെ കുറിപ്പടിയില്ലാതെ മെഡിക്കൽ ഷോപ്പുകളിൽ നിന്നും ലഹരിക്കുപകരമായി ഉപയോഗിക്കുന്ന മരുന്നുകൾ വില്പന നടത്തുന്നുണ്ടോ എന്നറിയുന്നതിനായി എക്സൈസ് വകുപ്പിന്റെ രഹസ്യാന്വേഷണ വിഭാഗം അന്വേഷണം നടത്തിവരികയും വിവരങ്ങളുടെ അടിസ്ഥാനത്തിൽ ഡ്രഗ്സ് കൺട്രോൾ വകുപ്പുമായി ചേർന്ന് എക്സൈസ് വകുപ്പ് റെയിഡുകൾ നടത്തി വരുന്നുണ്ട്. ഇതര സംസ്ഥാനങ്ങളിൽ നിന്നും വരുന്ന വാഹനങ്ങൾ ചെക്ക്പോസ്റ്റുകളിലൂടെ കടന്നു പോകുമ്പോൾ കർശന പരിശോധന |

| | | | |
|---|---|---|---|
| | | | നടത്തുകയും വ്യാജങ്ങൾ ഒന്നും ഇല്ലായെന്ന് ഉറപ്പ് വരുത്തുകയും ചെയ്യുന്നുണ്ട്. കൂടാതെ അതിർത്തി പട്രോളിംഗ് യൂണിറ്റുകളും കർശനമായി പരിശോധിച്ച് വരുന്നുണ്ട്. |
| (സി) | എക്സൈസ്, ആരോഗ്യവകുപ്പുകൾ സംയുക്തമായി മെഡിക്കൽ സ്റ്റോറുകളിൽ നടത്തിവരുന്ന പരിശോധനകൾ നിന്നുപോയ വിവരം ശ്രദ്ധയിൽ വന്നിട്ടുണ്ടോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഡ്രഗ്സ് കൺട്രോൾ വകുപ്പുമായി ചേർന്ന് എക്സൈസ് വകുപ്പ് മെഡിക്കൽ ഷോപ്പ് പരിശോധന ഇപ്പോഴും നടത്തി വരുന്നുണ്ട്. |
| (ഡി) | ഡോക്ടർമാരുടെ കുറിപ്പടിയില്ലാതെ ഇത്തരം മരുന്നുകൾ വില്പന നടത്തുന്നതു തടയാൻ ഫലപ്രദമായ നടപടികൾ സ്വീകരിക്കുമോ ? | (ഡി) | ഡോക്ടർമാരുടെ കുറിപ്പടിയില്ലാതെ ഇത്തരം മരുന്നുകൾ വിൽപ്പന നടത്തുന്നത് തടയാൻ ഡ്രഗ്സ് കൺട്രോൾ വകുപ്പുമായി ചേർന്ന് ഫലപ്രദമായ നടപടികൾ സ്വീകരിച്ച് ഇത്തരത്തിൽ വ്യാജങ്ങളൊന്നും വില്പന നടക്കുന്നില്ലാ എന്ന് ഉറപ്പ് വരുത്തുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**